
ശ്രീ മൂകാംബികാ മൂവീസ്

# പട്ടാഭിഷേകം

കഥ, നിർമ്മാണം
A. നടരാജൻ

സംവിധാനം
മല്ലികാർജ്ജുന റാവു

വിമലാ റിലീസ്







169

# പട്ടാഭിഷേകം

കഥാചുരുക്കം

ഏററവും പ്രഗത്ഭനായ സി. ഐ. ഡി. രാജൻ മാത്യുവിൻെറ മരണം ആ ഡിപ്പാർട്ടുമെൻറിൽപ്പെട്ട സഹപ്രവർത്തകർക്കു് ഒരു ഞെട്ടൽ ആയിരുന്നു. യഥാർത്ഥ കൊലപാതകികളെ കണ്ടുപിടിക്കുന്നതിനു് അധികാരികൾക്കു് കഴിയാതിരുന്നതിനാൽ ഉന്നതോദ്യോഗസ്ഥന്മാർ മൂന്നു് ഉദ്യോഗസ്ഥകളെ മദ്രാസിലേക്കു് അയക്കാൻ തീരുമാനിക്കുന്നു. ആ ഉദ്യോഗസ്ഥകൾ ഉഷ, റാണി, സലീന എന്നിവർ ആയിരുന്നു.

രാജ്യത്തു് ആകമാനം പട്ടിണിയും അസ്വസ്ഥതയും ഇളക്കിവിട്ടു് അതുമൂലം ശത്രുരാജ്യക്കാർക്കു് സ്വന്തം രാജ്യം അക്രമിക്കുന്നതിനുള്ള സൗകര്യം ഉണ്ടാക്കിക്കൊടുക്കുക എന്നുള്ളതുമാത്രമായിരുന്നു കൊള്ളക്കാരുടെ മുഖ്യോദ്ദേശം. വിദേശസഹായത്തോടുകൂടി ഇൻഡ്യക്കുള്ളിൽ പ്രവർത്തിക്കുന്ന ഒരു ചാരസംഘത്തിൽപ്പെട്ടവരായിരുന്നു ആ കൊള്ളക്കാർ. ഈ സംഘത്തിൻെറ ആസ്ഥാനം മദ്രാസിൽ പ്രവർത്തിച്ചുവന്നു.

ഉദ്യോഗസ്ഥകൾ മദ്രാസിലെ സുപ്രസിദ്ധ ഹോട്ടലായ 'ബ്ലൂ മൂൺ' തന്നെ തെരഞ്ഞെടുത്തു. അവരുടെകൂടെ അതേവണ്ടിയിൽ വന്നിറങ്ങിയ ആനമരക്കാരായ രണ്ടു വ്യാപാ

രപ്രതിനിധികളും ഒരേ ഹോട്ടലിൽ താമസമാക്കി. കൊള്ളക്കാർ ബഹദൂറിനെയും ഭാസിയേയും സി. ഐ. ഡി. എന്നുള്ള സംശയത്തിന്മേൽ അപായപ്പെടുത്താൻ ശ്രമിച്ചെങ്കിലും ഉഷ അവരെ രക്ഷപെടുത്തി.

ആ സ്ഥലത്ത് ''പട്ടാഭിഷേകം പൊതുവാൾ'' എന്ന പേരിൽ ഒരു വലിയ കട ഉണ്ടായിരുന്നു. ശുദ്ധ മരത്തലയനായ നരേന്ദ്രൻ ഒരു ഉണ്ടികക്കടയുടെ മാനേജരായിരുന്നു.

ഹോട്ടൽ ഉടമയായ ഗോപിപിള്ളക്ക് തന്റെ അളിയന്റെ ഭ്രാന്ത് ഒരു തലവേദനയായിരുന്നു. തന്റെ സ്ഥിരതയില്ലായ്മകാരണം ഹോട്ടലിന്റെ പൂർണ്ണചുമതലകൾ മാനേജരായ ഷ്യാമിൽ നിക്ഷിപ്തമാകുന്നു.

പ്രേമം എന്ന അററായുധം പ്രയോഗിച്ച് കൊള്ളക്കാരെയും കുററക്കാരെയും കെണിയിൽപ്പെടുത്തുന്നതിന് പ സി. ഐ. ഡി. കൾ തീരുമാനിക്കുന്നു. അവർക്ക് സംശയമുള്ളവരെയെല്ലാം അവർ പ്രേമിക്കാൻ തുടങ്ങി. ഉഷ നരേന്ദ്രനെയും, റാണി ഷ്യാമിനേയും, നല്ല ഫോട്ടോഗ്രാഫറായമാറിനെ സലീനയും പ്രേമിക്കുന്നു.

മൂന്നുപേരിരുരുവരം കൊള്ളക്കാരുടെ കയ്യിൽ അകപ്പെട്ടെങ്കിലും നരേന്ദ്രൻ അവളെ രക്ഷപെടത്തി. മരത്തലയൻ നരേന്ദ്രൻ ഭാസിക്കും ബഹദൂറിനും പതിനായിരം രൂപാ വാഗ്ദാനം ചെയ്യുന്നു. അവർ ഒരു 'മാർവാടികട' ആരംഭിക്കുന്നു. നരേന്ദ്രൻ പണം കൊടുക്കുന്നില്ല.

അവർ പൊതുവാളിനെ സമീപിക്കുന്നു. അയാാം അവർക്കു പതിനായിരം രൂപാ കൊടുത്തു. ഈ ചാരവലയത്തിൻെറ വക പ്രസിൽ അടിച്ച നോട്ടുകാം ഭാസിമുഖാന്തിരം ഉഷയുടെ കയ്യിൽ എത്തുന്നു.

നരേന്ദ്രൻ പൊതുവാളുമായി കലഹിച്ചു് വീടുവിടുന്നു. നോട്ടു കണ്ടമാത്രയിൽ നരേന്ദ്രൻ, ഭാസി, ബഹദൂർ എന്നിവർ പിടിയിലായി. അവരിൽനിന്നും ഗൂഢസംഘത്തെപ്പററിയുള്ള ലാഞ്ചനകാം ലഭിച്ചു,

അവസാനം ഉഷ നരേന്ദ്രൻ ഭാസി ബഹദൂർ മുതലായവർ നേരെ ഒരു ഗുഹയിലേക്കു് വേഷപ്രച്ഛന്നരായി തിരിക്കുന്നു. അവിടെ ഒരു ഘോരസംഘട്ടനംതന്നെ നടക്കുന്നു. അവസാനം കൊള്ളക്കാരെല്ലാം പിടിയിലമർന്നു.

സംഭവബഹുലവും ആകാംക്ഷാഭരിതവുമായ ശേഷം ഭാഗങ്ങാം വെള്ളിത്തിരയിൽ കാണുക

## ഗാനം 1

പാടിയത്  പി. സുശീല

പല്ലവിമാത്രം പറഞ്ഞുതന്നു
പവിഴം കെട്ടിയ വീണതന്നു
പാടുവാനെന്നെയൊരുക്കി നിർത്തി
ഗായകനെങ്ങോ മറഞ്ഞുനിന്നു
(പല്ലവിമാത്രം പറഞ്ഞുതന്നു)

ജന്മാന്തരസ്മൃതി പുൽകിയുണർത്തുന്ന
സുന്ദരശൃംഗാരഗാനം
പഞ്ചേന്ദ്രിയങ്ങളിൽ മൂടിപ്പടരുന്ന
ചൈതന്യഗാനം
എങ്ങിനെ ഞാൻ പൂർണ്ണമാക്കും
എൻ ദേവനരികിൽ ഇല്ലെങ്കിൽ
(പല്ലവിമാത്രം പറഞ്ഞുതന്നു)

വർണ്ണമനോഹര ദീപമഹോൽസവ
ഭംഗി തുളുമ്പുമീരംഗം
എന്നിലെ സർഗ്ഗാപ്രതിജ്ഞാങ്കുരങ്ങളെ
പൊന്നണിയിക്കുന്ന രംഗം
എങ്ങിനെ ഞാൻ ധന്യമാക്കും
എൻ ദേവനരുകിൽ ഇല്ലെങ്കിൽ
(പല്ലവിമാത്രം പറഞ്ഞുതന്നു)

## ഗാനം 2

പാടിയത്  ജയചന്ദ്രനും സംഘവും

പൂവോടം തുള്ളിവന്നേൻ
പൂമാല ചാർത്തിവന്നേൻ
തീക്കനൽ പൂത്തളിക
തിരുനടയിൽ കൊണ്ടുവന്നേൻ
കാളീ കരിങ്കാളി രക്തേശ്വരീ
നീലി ചാമുണ്ഡി ഭുവനേശ്വരീ
(പൂവോടം തുള്ളിവന്നേൻ)
നേർവഴി ചൊല്ലിത്തരു
നിത്യമെൻെറ മുന്നിൽവരു
സർവവുമറിഞ്ഞവളേ

സങ്കടങ്ങൾ നീക്കിത്തരൂ
കാളി കരിങ്കാളി രക്തേശ്വരീ
നീലി ചാമുണ്ഡി ഭുവനേശ്വരീ

(പൂവോടം തുള്ളിവന്നേൻ)

കാൺമത്തു മായകളോ
കാളീ നിൻെറ കൽപ്പനയോ
നിത്യകയായ് വിലസും
നിൻെറ സത്യഭാവനയോ
കാളി കരിങ്കാളി രക്തേശ്വരീ
നീലി ചാമുണ്ഡി ഭുവനേശ്വരീ

(പൂവോടം തുള്ളിവന്നേൻ)

## ഗാനം 3

പാടിയതു് ജയചന്ദ്രനും മാധുരിയും

പ്രേമത്തിൻ വീണയിൽ സ്വരമുയർന്നു
ഗാനത്തിൻ യമുനയിൽ തിരമറിഞ്ഞു
ഈയനുഭൂതികൾ മധുപകർന്നു
ഇനിയൊഴുകാമിവ തോണികളായ്
തോണികളായ്

(പ്രേമത്തിൻ വീണയിൽ)

ലാലല്ല...ലാലല്ലാ... ലാലലല്ലാ
ലാലല്ല...ലാലല്ലാ... ലാലലല്ലാ
സ്വപ്നമയൂര ചിറകുകളിൽ
സ്വർഗ്ഗനിറങ്ങൾ പകർന്നവളേ
മനസ്സിൻ മായാവീഥികളിൽ
മഴവില്ലായി വിടർന്നവളേ
ഓ........ഓ ...... ഓ ....
ഏഴുനിറങ്ങൾ പകർന്നു തരൂ
ഏദൻ കനിയുടെ വീഞ്ഞുതരൂ

(പ്രേമത്തിൻ വീണയിൽ)

കാത്ത കിനാവിൻ കൽപ്പടവിൽ
കാൽത്തള ഒച്ചകൾ കേട്ടല്ലോ
കൽപ്പനതൻ മണിമഞ്ചത്തിൽ
കൈവള തരിവള കിലുങ്ങിയല്ലോ
സ്വരമായ് ലയമായ് ഒഴുകിവരൂ
സ്വർഗ്ഗം മണ്ണിൽ കൊണ്ടുവരൂ

(പ്രേമത്തിൻ വീണയിൽ)

## ഗാനം 4

പാടിയതു്    യേശുദാസ്

താരകേശ്വരി നീ—
തങ്കവിഗ്രഹം നീ—
എൻെറ മനസ്സാം താമരമലരിൽ
പുഞ്ചിരിയായ മഹാലക്ഷ്മി നീ
താരകേശ്വരി നീ
ചിത്രലേഖ നീ എൻ സ്വപ്നവീഥികൾ
ചിത്രജ്ഞലികളാലലങ്കരിക്കൂ......
രത്നസുമങ്ങൾ വിടർന്നു കൊണ്ടീയുമാ
പഞ്ചാധരംകൊണ്ടു സൽക്കരിക്കൂ
(താരകേശ്വരി നീ)

കാന്തിമതി.. നീ എൻ ജീവകാമനാ
കാന്തപ്രസരമായി ഒഴുകിവരൂ
കൽപ്പതരുക്കൾ വിടർന്നുവിലസുമെൻ
കൽപ്പനാവാടിയിൽ നീ പടരൂ
(താരകേശ്വരി നീ)

## ഗാനം 5

പാടിയതു്    ബ്രഹ്മാനന്ദനും സോമനും

പഞ്ചപാണ്ഡവ സോദരർ നമ്മൾ
പാഞ്ചാലി നമ്മുടെ ധർമ്മപത്നി
അഞ്ചുപേരെ വേട്ട ചഞ്ചലാക്ഷി
അമ്പിളിതെല്ലൊത്ത കോമളാംഗി.
അർജ്ജുനാ കേൾക്കനീ പൊന്നനിയാ
അരുതരുതു് അപ്രിയമെൻെറപേരിൽ
മല്ലീകളഭങ്ങളെയ്തു തോഴീ
സല്ലപിക്കാനായ് ക്ഷണിച്ചിടുമ്പോൾ
പൊന്നും മണിയറവാതിലിൽ ഞാൻ
എൻ പാദുകങ്ങൾ അഴിച്ചു വയ്ക്കും
എൻ പാദുകങ്ങൾ അഴിച്ചുവയ്ക്കും
ഭീമാ പരിഭവം തെല്ലുന്നില്ലാ
കാമിനിമൂലം കലഹമില്ല
അറിയാതെ വാതിൽ തുറന്നുപോയാൽ
ആ പാപം തീരാൻ ഞാൻ സന്യസിക്കാം
ദേശാടനം ചെയ്തു നാൾ കഴിക്കാം

ഈരേഴുലോകവും, കണ്ടുവരാം
കണ്ടുവരാം....കണ്ടുവരാം...
ദ്രൗപതിബാലെ കേരം നീ
നിത്യകാമുകൻ ഭീമൻ
നിൻ പ്രേമസാഗരത്തിൽ
നീന്തും യുവനൗകഞാൻ
പിരിയരുതേ സഖീ നീ
പിരിയരുതെന്നിൽനിന്നും
കല്യാണി എനിക്കു നീ
കളഞ്ഞുകിട്ടിയ തങ്കം

## ഗാനം 6

പാടിയത്ത് യേശുദാസ്

ആകാശത്തിനു ഭ്രാന്തുപിടിച്ചു
അന്നാദ്യം മാനത്തു മിന്നലുദിച്ചു
വെള്ളിടിവെട്ടി പേമാരിപെയ്തു
അങ്ങിനെ ഭൂമിക്കും ഭ്രാന്തുപിടിച്ചു

(ആകാശത്തിനു ഭ്രാന്തുപിടിച്ചു)

വസന്തത്തിൽ അവരാം പൊട്ടിച്ചിരിച്ചു
ഗ്രീഷ്മത്തിൽ അവരാം കത്തിയെരിഞ്ഞു
വർഷത്തിലോ മനം തേങ്ങിക്കരെഞ്ഞു
ഹേമന്തത്തിൽ വീണ്ടും മന്ദഹസിച്ചു.

(ആകാശത്തിനു ഭ്രാന്തുപിടിച്ചു)

സൂര്യരശ്മിയിലാർത്തുചിരിക്കും
നീലവാനിനും കല്ലേറുകൊണ്ടു
ആ വ്രണങ്ങളുണങ്ങാതെ നിന്നു
അവയെ താരകങ്ങളെന്നു വിളിച്ചു

(ആകാശത്തിനു ഭ്രാന്തുപിടിച്ചു)

അസ്തമയത്തിലും മോഹസിന്ദൂരം
ആർക്കുവേണ്ടിയണിയുന്നു മർത്യൻ
ആരുമില്ല്യൂഴിയിൽ ഭ്രാന്തനല്ലാതെ
ആത്മാവിലോടിയൊളിക്കുന്നു ഞാനും
(ആകാശത്തിനു ഭ്രാന്തുപിടിച്ചു)

ഗാനം 7

പാടിയതു് പൊൻകുന്നംരവി

പഞ്ചമിസന്ധ്യയിൽ പാതിവിടർന്നൊരു
പരിഭവപുഷ്പം നിൻ കവിളിൽ
ഒരു ചുംബനത്താൽ
ഒരു സ്വാന്തനത്താൽ
ഓമനേയാമലർ കൊഴിയും
പകരം നാണത്തിൻ പൂ വിരിയും
പഞ്ചമിസന്ധ്യയിൽ

കാഞ്ചന പുഞ്ചിരിയിൽ
കവിതതൻ കാലവർഷം
സഖി നിൻെറ ചെങ്കൊടിയിൽ
മധുമയമോഹവർഷം
നിൻസ്വപ്നവീണകളിൽ
നീലാംബരിനടനം
നിൻെറ പ്രതീക്ഷകളിൽ
രതിചന്ദ്രികാമധുരം....
(പഞ്ചമിസന്ധ്യയിൽ)

എന്നോർമ്മതൻ നദിയിൽ
നിൻ പ്രേമ പൊൻതരികം
എൻ മോഹമാണതുനിൻ
നിൻ ജീവസ്പന്ദനങ്ങൾ
ഈ ചൈത്ര സന്ധ്യയിലെ
ഏകാന്തകൽപടവിൽ
ഇനിയെന്നുമോർക്കുവാൻ നിൻ
പ്രണയാമൃതം ചൊരിയൂ
(പഞ്ചമിസന്ധ്യയിൽ)

# പട്ടാഭിഷേകം

## അഭിനയിക്കുന്നവർ

പ്രേംനസീർ, രാഘവൻ. സുധീർ. വിൻസെൻറ്. ശ്യാംകുമാർ, ശങ്കരാടി, മുത്തയ്യാ, ജോസ് പ്രകാശ്, അടൂർഭാസി, ബഹദൂർ, ഉഷാനന്ദിനി, ശ്രീലത, സരസ്വതി, ശ്രീരേഖ, ടി. ആർ. ഓമന ഖദീജാ തുടങ്ങിയവർ

| | |
|---|---|
| കഥ | ഏ. നടരാജൻ |
| സംഭാഷണം | രാജീവൻ |
| ഗാനരചന | ശ്രീകുമാരൻതമ്പി |
| സംഗീതം | ആർ. കെ. ശേഖർ |
| പിന്നണിഗായകർ | യേശുദാസ് ജയചന്ദ്രൻ<br>ബ്രഹ്മാനന്ദൻ<br>പൊൻകുന്നംരവി<br>സോമൻ സുശീല<br>മാധുരി വസന്ത |
| ക്യാമറ | വിപൻദാസ് |
| ചിത്രസംയോജനം | ബി. എസ്. മണി |
| വസ്ത്രാലങ്കാരം | എം. എം. ശങ്കർ |
| നൃത്തസംവിധാനം | ചിന്നിസമ്പത്ത്, മൂർത്തി |
| സ്റ്റുഡിയോ | കർപ്പകം, ശ്യാമള, സത്യാ<br>അരുണാചലം, വീനസ് |
| ഔട്ട്ഡോർ യൂണിറ്റ് | മൂർത്തിമൂവീസ് |
| പ്രൊഡക്ഷൻ എക്സിക്യൂട്ടീവ് | ആർ. രാജേന്ദ്രൻനായർ<br>ഏ. ബി. അയ്യപ്പൻനായർ |
| സഹസംവിധാനം | ആർ. രാജശേഖരൻനായർ<br>ബി. എസ്സി. |
| സംവിധാനം | മല്ലികാർജ്ജുനറാവു |
| നിർമ്മാണം | ഏ. നടരാജൻ<br>B. Tch. A. M. I. E. |
| വിതരണം | വിമലാഫിലിംസ് കോട്ടയം |

വരുന്നു

അമൽ രാജ് ഫിലിംസ്

## നേററു് ഇൻറു നാളൈ

എം. ജി. ആർ. കളർചിത്രം

സംവിധാനം പി. നീലകണ്ഠൻ

---

സജിതാഫിലിംസ്

## സപ്തസ്വരങ്ങൾ (മലയാളം)

സംവിധാനം: ബേബി

---

ശ്രീസായി പ്രൊഡക്ഷൻസ്

## രഹസ്യരാത്രി (മലയാളം)

സംവിധാനം: എ. ബി. രാജ്

---

വരുന്നു

ഓറിയൻറൽ പിക്ചേഴ്സ്

എം. ജി. ആർ. കളർചിത്രം

## നിനൈത്തതൈമുടിപ്പവൻ

സംവിധാനം: പി. നീലകണ്ഠൻ

---

രേഖാസിനി ആർട്ട്സ്

## കോളേജ്ഗേൾ (മലയാളം)

സംവിധാനം: ഹരിഹരൻ

---

സുജാതാ സിനി ആർട്ട്സ്

ശിവാജികളർചിത്രം

## ഏൻ മക്കൾ

സംവിധാനം രാജേന്ദ്രൻ